## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 7140** — **11.07.2014- ൽ മറുപടിക്ക്**

### കടൽക്ഷോഭം മൂലമുള്ള നാശനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കേരളത്തിൽ കാലവർഷത്തോടൊപ്പം തുടങ്ങിയ അതിരൂക്ഷമായ കടൽക്ഷോഭം മൂലം പൊന്നാനി അടക്കമുള്ള തീരദേശ മണ്ഡലങ്ങളിൽ വ്യാപകമായ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കടലാക്രമണ ഭീഷണി നേരിടുന്ന ആയിരക്കണക്കിന് വീടുകൾ സംരക്ഷി ക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; | (ബി) | അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പതിറ്റാണ്ടുകളായി കരമടച്ചുകൊണ്ടിരി ക്കുന്ന ഈ വസ്തു സംരക്ഷിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | കടൽഭിത്തിയില്ലാത്ത തീരങ്ങളിൽ കടൽ ഭിത്തി കെട്ടി സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ ജലവിഭവ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | ഇതിനായി വകുപ്പുതല ഫണ്ടുകൾ അനുവദിക്കുന്നതിന് കാത്തു നിൽ ക്കാതെ പ്രത്യേക ഫണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കു മോ? | (ഡി) | കാലവർഷക്കെടുതി മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡ പ്രകാരം പ്രകൃതിദുരന്തങ്ങളുടെ പട്ടികയിൽ കടൽക്ഷോഭം/കടലാക്രമണം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കടൽ ഭിത്തി നിർമ്മാണത്തിന് ഈ തുക ഉപയോഗിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ